## മധുരമായ കുട്ടികളേ- നിങ്ങൾ ബാബയെ എത്രത്തോളം സ്നേഹത്തോടെ ഓർമ്മിക്കുന്നുവോ അത്രയും ആശിർവ്വാദം ലഭിക്കും, പാപം ഭസ്മമാകും.

**ചോദ്യം –** ബാബ കുട്ടികൾക്ക് ഏത് ധർമ്മത്തിൽ സ്ഥിതി ചെയ്യാനുള്ള ശ്രീമതമാണ് നൽകുന്നത്?
**ഉത്തരം –** ബാബ പറയുന്നു കുട്ടികളെ- നിങ്ങൾ തന്റെ അശരീരിയുടെ ധർമ്മത്തിൽ സ്ഥിതി ചെയ്യൂ, ശരീരത്തിന്റെ ധർമ്മത്തിലല്ല. ഏതുപോലെ ബാബ വിദേഹി, വിചിത്രനാണോ അതുപോലെ കുട്ടികളും വിചിത്രനാണ്, പിന്നീട് ഇവിടെ ചിത്ര(ശരീരം)ത്തിലേക്ക് വരുന്നു. ഇപ്പോൾ ബാബ കുട്ടികളോട് പറയുകയാണ്, കുട്ടികളേ വിചിത്രരായി മാറൂ, തന്റെ സ്വധർമ്മത്തിലിരിക്കൂ. ദേഹാഭിമാനത്തിലേക്ക് വരരുത്.

**ചോദ്യം –** ഭഗവാനും ഡ്രാമയനുസരിച്ച് ഏത് കാര്യത്തിനായി ബന്ധനസ്ഥനാണ്?
**ഉത്തരം –** ഡ്രാമയനുസരിച്ച് കുട്ടികളെ പതിതത്തിൽനിന്നും പാവനമാക്കി മാറ്റുന്നതിനുവേണ്ടി ഭഗവാൻ പോലും ബന്ധനസ്ഥനാണ്. ബാബക്ക് പുരുഷോത്തമസംഗമയുഗത്തിൽ വരേണ്ടത് തന്നെയുണ്ട്.

**ഓം ശാന്തി –** ബാബ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് എപ്പോഴാണോ ഓം ശാന്തിയെന്ന് പറയുന്നത് അപ്പോൾ തന്റെ ആത്മാവിന് സ്വധർമ്മത്തിന്റെ പരിചയം ലഭിക്കുകയാണ്. തീർച്ചയായും സ്വാഭാവികമായിത്തന്നെ ബാബയേയും ഓർമ്മ വരും, കാരണം ഓരോരുത്തരും ഭഗവാനെത്തന്നെയാണ് ഓർമ്മിക്കുന്നത്. പക്ഷേ ഭഗവാന്റെ പൂർണ്ണമായ പരിചയം ഇല്ല. ഭഗവാൻ തന്റേയും ആത്മാവിന്റേയും പരിചയം നൽകാനായി വന്നിരിക്കുന്നു. പതിതപാവനൻ എന്ന് പറയുന്നത് ഭഗവാനെയാണ്. പതിതരെ പാവനമാക്കി മാറ്റുന്നതിനുവേണ്ടി ഭഗവാൻ പോലും ഡ്രാമയിൽ ബന്ധനസ്ഥനാണ്. ബാബക്കും വരേണ്ടിവരുന്നത് പുരുഷോത്തമസംഗമയുഗത്തിലാണ്. സംഗമയുഗത്തിന്റെ അറിവും നൽകുന്നു. പഴയ ലോകത്തിന്റേയും പുതിയ ലോകത്തിന്റേയും ഇടക്കാണ് ബാബ വരുന്നത്. പഴയ ലോകത്തെ മൃത്യുലോകമെന്നും, പുതിയ ലോകത്തെ അമരലോകമെന്നും പറയുന്നു, ഇതും നിങ്ങളാണ് മനസ്സിലാക്കുന്നത്, മൃത്യുവിന്റെ ലോകത്തിൽ ആയുസ്സ് വളരെ കുറവായിരിക്കും. അകാലമരണങ്ങൾ സംഭവിച്ച് കൊണ്ടിരിക്കുന്നു. സത്യയുഗം അമരലോകമാണ്, അകാലമരണം ഉണ്ടായിരിക്കില്ല, എന്ത് കൊണ്ടെന്നാൽ പവിത്രതയുണ്ട്. അപവിത്രതയിലൂടെ വ്യഭിചാരിയായി മാറുമ്പോൾ ആയുസ്സും കുറയുന്നു ശക്തിയും കുറയുന്നു. സത്യയുഗത്തിൽ പവിത്രതയുള്ളതുകാരണം അവ്യഭിചാരിയാണ്. ബലവും കൂടുതലുണ്ടായിരിക്കും. ശക്തിയില്ലാതെ എങ്ങനെയാണ് രാജ്യപദവി പ്രാപ്തമാക്കുക? തീർച്ചയായും ബാബയിൽനിന്നും അവർ ആശിർവ്വാദം നേടിയിട്ടുണ്ടാകും. ബാബയാണ് സർവ്വശക്തിവാൻ. ആശിർവ്വാദം എങ്ങിനെയാണ് നേടേണ്ടത്? ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ. ആരാണോ കൂടുതൽ ഓർമ്മിക്കുന്നുണ്ടാവുക അവരാണ് ആശിർവ്വാദവും നേടുക. ആശിർവ്വാദം ഒരിക്കലും യാചിക്കേണ്ട വസ്തുവല്ല. ഇത് പരിശ്രമിക്കേണ്ട വസ്തുവാണ്. എത്ര കൂടുതൽ ഓർമ്മിക്കുന്നു അത്രയും കൂടുതൽ ആശിർവ്വാദം ലഭിക്കുന്നു അതായത് ഉയർന്ന പദവി ലഭിക്കും ഓർമ്മിക്കുന്നില്ലായെങ്കിൽ ആശിർവ്വാദവും ലഭിക്കില്ല. ലൗകിക പിതാവ് തന്റെ കുട്ടികളോട് ഒരിക്കലും ഇങ്ങനെ പറയാറില്ല എന്നെ ഓർമ്മിക്കൂ. സ്വയം തന്നെ കുട്ടിക്കാലത്ത് അവർക്ക് അച്ഛനേയും അമ്മയേയും ഓർമ്മവരും. അവയവങ്ങൾ ചെറുതാണ്, വലിയ കുട്ടികൾ എപ്പോഴും അച്ഛാ അച്ഛാ, അമ്മാ അമ്മാ എന്ന് പറയാറില്ല. അവരുടെ ബുദ്ധിയിലുണ്ടായിരിക്കും – ഇവർ ഞങ്ങളുടെ അച്ഛനും അമ്മയുമാണ്, ഇവരിൽനിന്നും ഞങ്ങൾക്ക് സമ്പത്ത് ലഭിക്കും. പറയേണ്ടതോ ഓർമ്മിക്കേണ്ടതോ ആയ കാര്യമില്ല. ഇവിടെ ബാബ പറയുന്നു എന്നെയും സമ്പത്തിനേയും ഓർമ്മിക്കൂ. പരിധിയുള്ള സംബന്ധത്തിനെ ഉപേക്ഷിച്ച് ഇപ്പോൾ പരിധിയില്ലാത്ത സംബന്ധത്തെ ഓർമ്മിക്കൂ. എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നുണ്ട് ഗതിയുണ്ടാകണം. ഗതി എന്ന് പറയുന്നത് മുക്തിധാമത്തെയാണ്. സത്ഗതിയെന്ന് പറയുന്നത് സുഖധാമത്തിലേക്ക് വരാനുള്ളതാണ്. ആര് ആദ്യം വന്നാലും സുഖം ലഭിക്കും. ബാബ സുഖത്തിനുവേണ്ടിയാണ് വരുന്നത്. പ്രയാസമുള്ള പഠിപ്പിനെ ഉയർന്ന പഠിപ്പെന്ന് പറയും. എത്രത്തോളം ഉയർന്ന പഠിപ്പാണോ അത്രത്തോളം കഠിനവുമായിരിക്കും. എല്ലാവർക്കും ജയിക്കാൻ സാധിക്കില്ല. വലിയ വലിയ പരീക്ഷകൾ വളരെ കുറച്ച് വിദ്യാർത്ഥികൾ മാത്രമേ ജയിക്കുള്ളു. കാരണം വലിയ പരീക്ഷകൾ ജയിക്കുന്നതിലൂടെ സർക്കാരിനും ജോലി കൊടുക്കണമല്ലോ. ചില വിദ്യാർത്ഥികൾ വലിയ പരീക്ഷകൾ പാസ്സായിട്ടും വെറുതെയിരിക്കുന്നവരുണ്ട്. സർക്കാരിന്റെ കയ്യിൽ ഇത്രയും പൈസയില്ല ഉയർന്ന ജോലി നൽകാൻ. ഇവിടെ ബാബ പറയുകയാണ് എത്രത്തോളം ഉയർന്ന പഠിപ്പ് പഠിക്കുന്നു അത്രയും ഉയർന്ന പദവി ലഭിക്കും. എല്ലാവരും രാജാക്കന്മാരും ധനികരും ആയി മാറുമെന്നല്ല. എല്ലാറ്റിന്റേയും ആധാരം പഠിപ്പാണ്. ഭക്തിയെ പഠിപ്പെന്ന് പറയില്ല. ഈ ആത്മീയ ജ്ഞാനം ആത്മീയ അച്ഛനാണ് പഠിപ്പിക്കുന്നത്.

എത്ര ഉയർന്ന പഠിപ്പാണ്. കുട്ടികൾക്ക് കഠിനമായി തോന്നുന്നു. കാരണം ബാബയെ ഓർമ്മിക്കുന്നില്ല സ്വഭാവവും പരിവർത്തനപ്പെടില്ല. ആരാണോ നല്ല ഓർമ്മയിലിരിക്കുന്നത് അവരുടെ സ്വഭാവം വളരെ നല്ലതായിരിക്കും. വളരെ വളരെ മധുരമായ സേവാധാരികളായി മാറും. സ്വഭാവം നല്ലതല്ലെങ്കിൽ ആർക്കും ഇഷ്ടമുണ്ടാകില്ല. ആരാണോ തോറ്റുപോകുന്നത് തീർച്ചയായും അവരുടെ സ്വഭാവത്തിൽ കുഴപ്പമുണ്ട്. ശ്രീ ലക്ഷ്മീനാരായണന്റെ സംസ്കാരം വളരെ നല്ലതാണ്. രാമന്റെ രണ്ട് കല കുറയുന്നു. ഭാരതം രാവണരാജ്യത്തിൽ അസത്യഖണ്ഡമായി മാറിയിരിക്കുന്നു. സത്യമായ ഖണ്ഡത്തിൽ അൽപം പോലും അസത്യമുണ്ടായിരിക്കില്ല. രാവണരാജ്യത്തിൽ അസത്യം അസത്യം മാത്രമാണ്. അസത്യമായ മനുഷ്യരെ ദൈവീകഗുണങ്ങളുള്ളവരെന്ന് പറയാൻ സാധിക്കില്ല. ഇത് പരിധിയില്ലാത്ത കാര്യമാണ്. ഇപ്പോൾ ബാബ പറയുകയാണ് അസത്യമായ കാര്യങ്ങൾ ആരിൽ നിന്നും കേൾക്കാതിരിക്കൂ. കേൾപ്പിക്കാതിരിക്കൂ. ഒരു ഈശ്വരന്റെ മതത്തെയാണ് നിയമാനുസൃതം എന്ന് പറയുന്നത്. മനുഷ്യമതത്തെ നിയമ വിരുദ്ധമെന്ന് പറയുന്നു. നിയമത്തിലൂടെ നിങ്ങൾ ഉയർന്നവരായി മാറുന്നു. പക്ഷേ എല്ലാവർക്കും ഇതനുസരിക്കാൻ സാധിക്കുന്നില്ല അതിനാൽ നിയമവിരുദ്ധരായി മാറുന്നു. ചിലർ ബാബയുടെയടുത്ത് പ്രതിജ്ഞ ചെയ്യാറുണ്ട് – ബാബാ ഇത്രയും ആയുസ്സിൽ ഞങ്ങൾ നിയമവിരുദ്ധമായ കർമ്മം ചെയ്തു, ഇപ്പോൾ മുതൽ ചെയ്യില്ല. നിയമവിരുദ്ധമായ കർമ്മമാണ് വികാരത്തിന്റെ ഭൂതം. ദേഹാഭിമാനത്തിന്റെ ഭൂതം എല്ലാവരിലുമുണ്ട്. മായാവി ആത്മാവിൽ ദേഹാഭിമാനമുണ്ടാക്കുന്നു. ബാബ വിദേഹി തന്നെയാണ്, വിചിത്രനാണ്. കുട്ടികളും വിചിത്രരാണ്. ഇത് വിവേകത്തിന്റെ കാര്യമാണ്. നമ്മൾ ആത്മാ വിചിത്രരാണ്, പിന്നെ ഇവിടെ ചിത്ര( ശരീരം)ത്തിലേക്ക് വന്നിരിക്കുകയാണ്. ഇപ്പോൾ ബാബ വീണ്ടും പറയുന്നു വിചിത്രരായി മാറൂ. തന്റെ സ്വധർമ്മത്തിൽ സ്ഥിതി ചെയ്യൂ. ശരീരത്തിന്റെ ധർമ്മത്തിലിരിക്കരുത്. വിചിത്രത(അശരീരി)യുടെ ധർമ്മത്തിലിരിക്കൂ. ദേഹാഭിമാനത്തിലേക്ക് വരരുത്. ബാബ എത്ര മനസ്സിലാക്കിത്തരികയാണ് – ഇതിൽ ഓർമ്മ വളരെ ആവശ്യമാണ്. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ സതോപ്രധാനവും, പവിത്രവും ആയി മാറുന്നു. അപവിത്രമായി മാറുന്നതിലൂടെ വളരെ ശിക്ഷ ലഭിക്കും. ബാബയുടേതായി മാറിയതിനുശേഷം അഥവാ എന്തെങ്കിലും തെറ്റുകളുണ്ടായാൽ പറയാറില്ലേ സത്ഗുരുവിനെ നിന്ദിച്ചവർക്ക് ഗതി കിട്ടില്ല. അഥവാ നിങ്ങൾ എന്റെ മതമനുസരിച്ച് നടന്ന് പവിത്രമായി മാറുന്നില്ലായെങ്കിൽ നൂറുമടങ്ങ് ശിക്ഷ അനുഭവിക്കേണ്ടിവരും. ബുദ്ധി ഉപയോഗിക്കണം. അഥവാ നമ്മൾ ഓർമ്മിക്കുന്നില്ലായെങ്കിൽ ഉയർന്ന പദവിയും നേടാൻ സാധിക്കില്ല. പുരുഷാർത്ഥത്തിനു വേണ്ടി സമയവും നൽകുന്നുണ്ട്. നിങ്ങളോട് ചോദിക്കും എന്താണ് തെളിവ്? പറയൂ, ഏത് ശരീരത്തിലേക്കാണോ വരുന്നത് ആ പ്രജാപിതാ ബ്രഹ്മാവ് മനുഷ്യനല്ലേ. മനുഷ്യർക്ക് ശരീരത്തിനാണ് പേരുണ്ടാകുന്നത്. ശിവബാബ മനുഷ്യനുമല്ല, ദേവതയുമല്ല. ബാബയെ പരം ആത്മാവെന്ന് പറയും. ബാബ പതിതവുമാകുന്നില്ല പാവനവുമാകുന്നില്ല, ബാബ മനസ്സിലാക്കിത്തരുന്നു എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ പാപം ഭസ്മമാകും. ബാബ മനസ്സിലാക്കിത്തരികയാണ് നിങ്ങൾ സതോപ്രധാനമായിരുന്നു, ഇപ്പോൾ തമോപ്രധാനമായി മാറിയിരിക്കുന്നു. വീണ്ടും സതോപ്രധാനമായി മാറുന്നതിനുവേണ്ടി എന്നെ ഓർമ്മിക്കൂ. ഈ ദേവതകളുടെ യോഗ്യത നോക്കൂ എങ്ങിനെയുള്ളതാണ്, അവരിൽ നിന്നും ദയ യാചിക്കുന്നവരെയും നോക്കൂ ആശ്ചര്യം തോന്നുന്നു–ഞങ്ങൾ എന്തായിരുന്നു! പിന്നെ 84 ജന്മങ്ങളെടുത്ത് പാടെ അധ:പതിച്ചുപോയി.

ബാബ പറയുന്നു – മധുരമധുരമായ കുട്ടികളെ, നിങ്ങൾ ദേവതാകുലത്തിലുള്ളവരായിരുന്നു. ഇപ്പോൾ തന്റെ പെരുമാറ്റത്തെ നോക്കൂ, ദേവീദേവതയായി മാറാൻ സാധിക്കുമോ? എല്ലാവർക്കും ലക്ഷ്മീനാരായണനായി മാറാൻ സാധിക്കില്ല. എങ്കിൽ മുഴുവൻ പൂന്തോട്ടവും പൂക്കളാകും. ശിവബാബക്ക് കേവലം റോസാപുഷ്പങ്ങളേ അർപ്പിക്കുമായിരുന്നുള്ളു, പക്ഷേ അങ്ങിനെയല്ല, എരിക്കിൻ പൂക്കളും അർപ്പിക്കുന്നു. ബാബയുടെ കുട്ടികൾ ചിലർ പൂക്കളായി മാറുന്നു, ചിലർ എരിക്കിൻ പൂക്കളായി മാറുന്നു. ജയിച്ചവരും തോറ്റവരുമുണ്ടാകും. സ്വയം തന്നെ മനസ്സിലാക്കാൻ കഴിയും ഞങ്ങൾക്ക് രാജാവായി മാറാൻ സാധിക്കില്ല. തനിക്കുസമാനമാക്കി മാറ്റുന്നില്ല, ധനികരാകുന്നത് എങ്ങിനെയാണ്, ആരാണ് ആയിത്തീരുക അതെല്ലാം ബാബക്കറിയാം. മുന്നോട്ടു പോകുന്തോറും നിങ്ങൾ കുട്ടികൾക്കും മനസ്സിലാക്കാൻ സാധിക്കും ഈ വ്യക്തി ബാബയെ എങ്ങിനെ സഹായിച്ചു. കൽപകൽപം ആര് എന്തു ചെയ്തുവോ അവരേ ചെയ്യൂ. ഇതിൽ വ്യത്യാസമുണ്ടായിരിക്കില്ല. ബാബ പോയിന്റുകൾ തന്നുകൊണ്ടിരിക്കുന്നു. ഇങ്ങിനെ ഇങ്ങിനെ ബാബയെ ഓർമ്മിക്കണം. ഒപ്പം സഫലമാക്കുകയും ചെയ്യണം. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ ഈശ്വരാർത്ഥം ചെയ്യുന്നുണ്ട്. പക്ഷേ ഈശ്വരനെ അറിയുന്നില്ല. ഇത്രയും മനസ്സിലാക്കുന്നുണ്ട് ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്. അതിനർത്ഥം ഉയർന്നതിലും ഉയർന്ന നാമരൂപമുണ്ടെന്നല്ല. ബാബ നിരാകാരനാണ്. പിന്നീട് സാകാരത്തിലേക്ക് വരുന്നു. ബ്രഹ്മാവിനേയും, വിഷ്ണുവിനേയും ശങ്കരനേയും ദേവതയെന്ന് പറയുന്നു. ബ്രഹ്മാദേവതായനമഃ, വിഷ്ണുദേവതായനമഃ പിന്നെ പറയും ശിവപരമാത്മായനമഃ. പരമാത്മാവല്ലേ വലുത്.

ബ്രഹ്മാവിനേയോ, വിഷ്ണുവിനേയോ, ശങ്കരനേയോ പരമാത്മാവെന്ന് പറയില്ല. വായകൊണ്ടുതന്നെ പറയുന്നുണ്ട് ശിവപരമാത്മായനമഃ. തീർച്ചയായും പരമാത്മാവ് ഒന്നാണല്ലോ. ദേവതകളെ നമിക്കുന്നു. മനുഷ്യലോകത്തിൽ മനുഷ്യനെ മനുഷ്യനെന്ന് പറയും. മനുഷ്യനെ പിന്നെ പരമാത്മാവെന്ന് പറയുന്നത്, പൂർണ്ണമായ അജ്ഞാനമാണ്. എല്ലാവരുടേയും ബുദ്ധിയിൽ ഇതാണ് ഈശ്വരൻ സർവ്വവ്യാപിയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കി ഭഗവാൻ ഒന്ന് മാത്രമാണ്, ആ ഭഗവാനെത്തന്നെയാണ് പതിതപാവനനെന്ന് പറയുന്നത്. എല്ലാവരേയും പാവനമാക്കി മാറ്റുക ഇത് ഭഗവാന്റെ ജോലിയാണ്. ജഗത്ഗുരുവാകാൻ മനുഷ്യന് സാധിക്കില്ല. ഗുരു പാവനമായിരിക്കേണ്ടേ. ഇവിടെ എല്ലാവരും വികാരത്തിലൂടെ ജന്മമെടുത്തവരാണ്. ജ്ഞാനത്തെ അമൃതെന്ന് പറയുന്നു. ഭക്തിയെ അമൃതെന്ന് പറയില്ല. ഭക്തിമാർഗ്ഗത്തിൽ ഭക്തിയാണ് നടക്കുന്നത്. എല്ലാ മനുഷ്യരും ഭക്തിയിലാണ്. ജ്ഞാനത്തിന്റെ സാഗരൻ, ജഗത്ഗുരു എന്നെല്ലാം ഒരാളെയാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾക്കറിയാം ബാബ എന്താണ് വന്ന് ചെയ്യുന്നത്. തത്വങ്ങളെയും പവിത്രമാക്കി മാറ്റുന്നു. ഡ്രാമയിൽ ബാബക്കും പാർട്ടുണ്ട്. സർവ്വർക്കും സത്ഗതിദാതാവായി മാറാൻ ബാബ നിമിത്തമായി മാറുന്നു. ഇപ്പോൾ ഇതെങ്ങനെ മനസ്സിലാക്കിക്കൊടുക്കും. വളരെപ്പേർ വരുന്നുണ്ട്. ഉദ്ഘാടനം ചെയ്യാൻ വരുന്നതിനായി കമ്പി സന്ദേശം കൊടുക്കാറുണ്ട് ഭാവി യിൽ വരാൻ പോകുന്ന വിനാശത്തിനുമുന്നേ പരിധിയില്ലാത്ത അച്ഛനെ അറിഞ്ഞ് അച്ഛനിൽ നിന്ന് തന്നെ സമ്പത്ത് നേടൂ. ഇതാണ് ആത്മീയ പിതാവ്. സർവ്വമാനവകുലവും ഫാദറെന്ന് പറയുന്നുണ്ട്. രചയിതാവിൽനിന്നും തീർച്ചയായും രചനക്ക് സമ്പത്ത് ലഭിക്കണം. പരിധിയില്ലാത്ത ബാബയെ ആരും അറിയുന്നില്ല. ബാബയെ മറക്കുന്നതും – ഡ്രാമയിൽ അടങ്ങിയതാണ്. പരിധിയില്ലാത്ത ബാബ ഉയർന്നതിലും ഉയർന്നതാണ്, ബാബ പരിധിയുള്ള സമ്പത്ത് നൽകുന്നില്ല. പരിധിയുള്ള പിതാവുണ്ടാകുമ്പോഴും പരിധിയില്ലാത്ത പിതാവിനെ എല്ലാവരും ഓർമ്മിക്കുന്നുണ്ട്. സത്യയുഗത്തിൽ ബാബയെ ആരും ഓർമ്മിക്കുന്നില്ല എന്തുകൊണ്ടെന്നാൽ പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് ലഭിച്ചുകഴിഞ്ഞു. ഇപ്പോൾ നിങ്ങൾ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. ആത്മാവ് തന്നെയാണ് ഓർമ്മിക്കുന്നത് പിന്നീട് ആത്മാക്കൾ സ്വയത്തേയും തന്റെ പിതാവിനേയും ഡ്രാമയേയും മറക്കുന്നു. മായയുടെ നിഴൽ പതിക്കുന്നു. സതോപ്രധാനബുദ്ധിക്ക് വീണ്ടും തമോപ്രധാനമായി മാറണം. ഓർമ്മ വരുന്നുണ്ട്, പുതിയ ലോകത്തിൽ ദേവീദേവതകൾ സതോപ്രധാനമായിരുന്നു, ഇതാരും അറിയുന്നില്ല. ലോകം തന്നെ സതോപ്രധാനവും സ്വർണ്ണിമയുഗവുമായി മാറുന്നു. അതിനെയാണ് പറയുന്നത് പുതിയ ലോകം. ഇതാണ് ഇരുമ്പുയുഗം. ഇതെല്ലാ കാര്യവും ബാബ വന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. കൽപകൽപം എന്ത് സമ്പത്ത് നിങ്ങൾ നേടുന്നുവോ, പുരുഷാർത്ഥമനുസരിച്ച് അത് തന്നെ ലഭിക്കേണ്ടതാണ്. നിങ്ങൾക്കിപ്പോൾ അറിയാൻ കഴിഞ്ഞു നമ്മൾ ദേവതകളായിരുന്നു ഇങ്ങനെ അധഃപതിച്ചു വന്നു. ബാബ തന്നെയാണ് പറഞ്ഞുതരുന്നത് ഇങ്ങനെ ഇങ്ങനെ ഉണ്ടാകും. ചിലർ പറയാറുണ്ട് വളരെ നന്നായി പരിശ്രമിക്കുന്നുണ്ട്, പക്ഷേ ഓർമ്മ നിൽക്കുന്നില്ല. ഇതിൽ ബാബ അഥവാ ടീച്ചർക്ക് എന്തു ചെയ്യാൻ കഴിയും. പഠിക്കുന്നില്ലെങ്കിൽ ടീച്ചർക്ക് എന്തു ചെയ്യാൻ സാധിക്കും. ടീച്ചർ ആശിർവ്വാദം തന്നാൽ എല്ലാവരും പാസ്സാകുമോ. ഇത് പുതിയ പഠിപ്പാണ്. ഇവിടെ നിങ്ങളുടെയടുക്കൽ വളരെ ദുഃഖികളായിട്ടുള്ളവർ വരും, ധനികർ വരില്ല. എപ്പോഴും ദുഃഖികളാണ് വരിക. ധനവാൻമാർ മനസ്സിലാക്കുന്നത് ഞങ്ങൾ സ്വർഗ്ഗത്തിലാണ് ഇരിക്കുന്നത്. അവർക്ക് ഭാഗ്യത്തിലില്ല, ആരുടെ ഭാഗ്യത്തിലുണ്ടോ, അവർക്ക് പെട്ടെന്ന് നിശ്ചയമുണ്ടാകും. നിശ്ചയമുണ്ടാകാനും സംശയം വരാനും വലിയ താമസമൊന്നുമില്ല. മായ പെട്ടെന്ന് മറപ്പിക്കും. സമയമെടുക്കുമല്ലോ. ഇവിടെ ആശയക്കുഴപ്പത്തിന്റെ കാര്യമൊന്നുമില്ല. സ്വയം തന്നോട് കരുണ കാണിക്കണം. ശ്രീമത്ത് ലഭിക്കുന്നുണ്ടല്ലോ. എത്ര സഹജമായി ബാബ പറയുന്നു. കേവലം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ.

നിങ്ങൾക്കറിയാം ഇത് തന്നെയാണ് മൃത്യുലോകം. സത്യയുഗം അമരലോകമാണ്. അവിടെ അകാലമരണമില്ല. ക്ലാസ്സിൽ വിദ്യാർത്ഥികൾ യഥാക്രമത്തിലല്ലേ ഇരിക്കാറുള്ളത്. ഇതും സ്കൂളാണ്. ബ്രാഹ്മണിയോട് ചോദിക്കും നിങ്ങളിൽ നമ്പർവാർ സമർത്ഥർ കുട്ടികൾ ആരൊക്കെയാണ്? ആര് നന്നായി പഠിക്കുന്നുണ്ടോ അവർ വലതുവശത്തിരിക്കണം. വലതുകൈയ്യിന് മഹത്വമുണ്ടല്ലോ. പൂജകളെല്ലാം വലതുകൈകൊണ്ടല്ലേ ചെയ്യുന്നത്. കുട്ടികൾ ചിന്തിക്കാറുണ്ട്–സത്യയുഗത്തിൽ എന്തായിരിക്കും. സത്യയുഗം ഓർമ്മവന്നാൽ സത്യമായ ബാബയും ഓർമ്മവരും. ബാബ നമ്മളെ സത്യയുഗത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. സത്യയുഗത്തിൽ ഇതറിയാൻ കഴിയില്ല, ഞങ്ങൾക്ക് ഈ ചക്രവർത്തിപദവി എങ്ങനെ ലഭിച്ചു എന്ന്. അതുകൊണ്ടാണ് ബാബ പറയുന്നത് ഈ ലക്ഷ്മീനാരായണനിലും ഈ ജ്ഞാനമില്ല. ബാബ ഓരോ കാര്യവും നല്ലരീതിയിൽ മനസ്സിലാക്കിത്തരികയാണ്. ആര് കഴിഞ്ഞ കൽപ്പത്തിൽ മനസ്സിലാക്കിയോ അവരേ അടുത്ത കൽപ്പത്തിലും മനസ്സിലാക്കുകയുള്ളൂ. എന്നാലും പുരുഷാർത്ഥം ചെയ്യേണ്ടതായിട്ടുണ്ട്. ബാബ വന്നിരിക്കുകയാണ് പഠിപ്പിക്കാൻ. ഇത് പഠിപ്പാണ്, ഇവിടെ വളരെ വിവേകം വേണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) ഈ ആത്മീയ പഠിപ്പ് വളരെ ഉയർന്നതും ബുദ്ധിമുട്ടുള്ളതുമാണ്, ഇതിൽ പാസ്സാകുന്നതിനുവേണ്ടി ബാബയുടെ ഓർമ്മയിലൂടെ ആശീർവ്വാദം നേടണം. തന്റെ സ്വഭാവത്തെ ഉദ്ധരിക്കണം.

2) ഇപ്പോൾ ഒരിക്കലും നിയമവിരുദ്ധമായ കർമ്മം ചെയ്യരുത്. വിചിത്രരായി മാറി തന്റെ സ്വധർമ്മത്തിലിരിക്കണം, വിചിത്രനായ ബാബയുടെ നിയമാനുസൃത മാർഗ്ഗത്തിലൂടെ നടക്കണം.

## വരദാനം:- ബാബയുടെ കൂട്ടുകെട്ടിലൂടെ പവിത്രതയാകുന്ന സ്വധർമ്മത്തെ സഹജമായി പാലന ചെയ്യുന്ന മാസ്റ്റർ സർവ്വശക്തിവാനായി ഭവിക്കട്ടെ.

ആത്മാവിന്റെ സ്വധർമ്മം പവിത്രതയാണ്, അപവിത്രത പരധർമ്മമാണ്. സ്വധർമ്മത്തിൽ നിശ്ചയമുണ്ടെങ്കിൽ പരധർമ്മത്തിന് ഇളക്കാൻ സാധിക്കില്ല. ബാബ ആരാണോ എങ്ങനെയാണോ, ബാബയെ യഥാർത്ഥരീതിയിൽ തിരിച്ചറിഞ്ഞ് കൂടെ വെക്കുകയാണെങ്കിൽ പവിത്രതയാകുന്ന സ്വധർമ്മത്തെ ധാരണ ചെയ്യുന്നത് വളരെ സഹജമാണ്, എന്തുകൊണ്ടെന്നാൽ കൂട്ടുകാരൻ സർവ്വശക്തിവാനാണ്. സർവ്വശക്തിവാന്റെ കുട്ടികളായ മാസ്റ്റർ സർവ്വശക്തിവാന്മാരുടെ മുന്നിൽ അപവിത്രതക്ക് വരാൻ സാധിക്കില്ല. അഥവാ സങ്കൽപ്പത്തിലെങ്കിലും മായ വരികയാണെങ്കിൽ തീർച്ചയായും ഏതെങ്കിലും ഗേറ്റ് തുറന്നിട്ടുണ്ടാകും അഥവാ നിശ്ചയത്തിൽ കുറവുണ്ടാകും.

## സ്ലോഗൻ:- ത്രികാലദർശി ഏതൊരു കാര്യത്തെയും ഏകകാലദൃഷ്ടിയിൽ നോക്കുകയില്ല, ഓരോ കാര്യത്തിലും മംഗളമുണ്ടെന്ന് മനസ്സിലാക്കുന്നു.